ജനയുഗം
JANAYUGOM
06 February 2019



എറണാകുളം കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്ന മത്സ്യ പ്രദർശനത്തിൽ ചെറുചിറകൻ മാക്കോ സ്രാവിന്റെ താടിയെല്ല് നിരീക്ഷിക്കുന്ന വിദ്യാർത്ഥികൾ

# വിസ്മയമായി ആഴക്കടലിലെ മായക്കാഴ്ച

കൊച്ചി: ഉൾക്കടലിലെ മായക്കാഴ്ചകളുമായി സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) പ്രദർശനം സംഘടിപ്പിച്ചു. സിഎംആർഎഫ്ഐ 72ാം സ്ഥാപകദിനത്തോട് അനുബന്ധിച്ച് സന്ദർശകർക്ക് സൗജന്യമായി ഒരുക്കിയ പ്രദർശനം കാണാൻ നിരവധി സ്കൂൾ, കോളജ് വിദ്യാർഥികളാണ് എത്തിയത്. കടൽജീവികളും വിവിധയിനം മത്സ്യങ്ങൾ കടൽ പായലുകൾ ഇവയെല്ലാം കാഴ്ചക്കാർക്കായി തുറന്ന് നൽകി. ചെമ്മീൻ മുതൽ കടൽ പശുവരെ പ്രദർശനത്തിൽ സ്ഥാനം പിടിച്ചു. മത്സ്യങ്ങളുടെ കൂട്ടത്തിൽ നെപ്പോളിയൻ റാസ് എന്നയിനമാണ് ഈ വർഷത്തെ പ്രദർശനത്തിലെ മുഖ്യ ഇനം.